വകുപ്പ് 66 പരിശോധനയുടെ ഭാഗമായി മൊഴി രേഖപ്പെടുത്തുന്നതിന് മുൻ ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയെങ്കിലും ആരും തന്നെ പരിശോധന ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരായി മൊഴി നൽകിയിട്ടില്ല.സംഘത്തിന്റെ പുനരുജ്ജീവന സാധ്യത നിലവിലില്ലാത്തതിനാലും, മുൻ ഭരണസമിതിക്കോ അംഗങ്ങൾക്കോ സംഘത്തിന്റെ പ്രവർത്തനങ്ങളിൽ താൽപ്പര്യം ഇല്ലാത്തതിനാലും, സംഘത്തിന്റെ നിലവിലെ സ്ഥിതി തുടർന്ന് പോകുന്നതിനാലും, സഹകരണ നിയമം വകുപ്പ് 71 പ്രകാരം സംഘം സമാപ്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് പരിശോധന ഉദ്യോഗസ്ഥൻ ശിപാർശ ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന സംഘത്തിൽ പ്രവർത്തന സാധ്യത ഇല്ലാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന തിരൂർ താലൂക്ക് സഹകരണ കാർഷിക വിപണന സംസ്ക്കരണ സംഘം ക്ലിപ്തം നമ്പർ എം. 499-നെ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യതയില്ലാത്തതിനാൽ വകുപ്പ് 71 (1) പ്രകാരം സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് മലപ്പുറം (പാലക്കാട് റീജിയണൽ), സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പരാമർശം (4) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി.എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ, അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് തിരൂർ താലൂക്ക് സഹകരണ കാർഷിക വിപണന സംസ്ക്കരണ സംഘം ക്ലിപ്തം നമ്പർ എം. 499-ന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ടും, വകുപ്പ് 72(1) പ്രകാരം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ താനൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും, ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും, ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 72, ചട്ടം 69, ഉപചട്ടം (2) പ്രകാരം]

നമ്പർ ARGPNA/986/2025-UI(3). 2025 ജൂലൈ 17.

ക്ലിപ്തം നമ്പർ എം. 902-മങ്കട ബ്ലോക്ക് ഇന്ദിരാജി വനിത സഹകരണ സംഘത്തിന്റെ സമാപ്തീകരണത്തിനായി 9-6-2025-ലെ JRMPM/2780/2024-HMC2 നമ്പർ ഉത്തരവ് പ്രകാരം പെരിന്തൽമണ്ണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മങ്കട യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണത്തിന്റെ ഭാഗമായി സംഘത്തിൽനിന്നും ആർക്കെങ്കിലും എന്തെങ്കിലും തുകകൾ ലഭിക്കാനുണ്ടെങ്കിൽ ആയതിനുള്ള അവകാശം തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ സഹിതം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 2 മാസത്തിനകം സംഘം ലിക്വിഡേറ്ററെ താഴെ കാണിച്ച വിലാസത്തിൽ നേരിട്ടോ, ഏജന്റ്/അവകാശികൾ മുഖേനയോ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ലിക്വിഡേറ്റർ,
മങ്കട ബ്ലോക്ക് ഇന്ദിരാജി വനിത സഹകരണ സംഘം
ക്ലിപ്തം നമ്പർ എം. 902
യൂണിറ്റ് ഇൻസ്പെക്ടർ, മങ്കട യൂണിറ്റ്,
മിനി സിവിൽ സ്റ്റേഷൻ
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
ഓഫീസ്, പെരിന്തൽമണ്ണ.

സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം,
മലപ്പുറം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 72, ചട്ടം 69, ഉപചട്ടം (2) പ്രകാരം]

നമ്പർ ARGPNA/100/2025-UI (1). 2025 ജൂലൈ 31.

ക്ലിപ്തം നമ്പർ എം.1042 വെട്ടത്തൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘത്തിന്റെ സമാപ്തീകരണത്തിനായി മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 6-12-2024-ലെ ജെ.ആർ.എം.പി.എം/2059/2022/എസ്.സി.ടി. നമ്പർ ഉത്തരവു പ്രകാരം പെരിന്തൽമണ്ണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മേലാറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണത്തിന്റെ ഭാഗമായി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുകകൾ ലഭിക്കാനുണ്ടെങ്കിൽ ആയതിനുള്ള അവകാശം തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ സഹിതം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 2 മാസത്തിനകം സംഘം ലിക്വിഡേറ്ററെ താഴെ കാണിച്ച വിലാസത്തിൽ നേരിട്ടോ, ഏജന്റ്/അവകാശികൾ മുഖേനയോ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ലിക്വിഡേറ്റർ,
വെട്ടത്തൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം
ക്ലിപ്തം നമ്പർ എം. 1042/യൂണിറ്റ് ഇൻസ്പെക്ടർ, മേലാറ്റൂർ
യൂണിറ്റ്, മിനി സിവിൽ സ്റ്റേഷൻ, സഹകരണ സംഘം
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,
പെരിന്തൽമണ്ണ-679 322

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 72, ചട്ടം 69, ഉപചട്ടം (2) പ്രകാരം]

നമ്പർ ARGPNA/1018/2025-UI (3). 2025 ജൂലൈ 29.

ക്ലിപ്തം നമ്പർ എം.918-പുഴക്കാട്ടിരി പഞ്ചായത്ത് പ്രവാസി ഹരിത സഹകരണ സംഘത്തിന്റെ സമാപ്തീകരണത്തിനായി 3-6-2025-ലെ JRMPM/578/2025-HMC2 നമ്പർ ഉത്തരവു പ്രകാരം പെരിന്തൽമണ്ണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മങ്കട യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണത്തിന്റെ ഭാഗമായി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുകകൾ ലഭിക്കാനുണ്ടെങ്കിൽ ആയതിനുള്ള അവകാശം തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ സഹിതം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 2 മാസത്തിനകം സംഘം ലിക്വിഡേറ്ററെ താഴെ കാണിച്ച വിലാസത്തിൽ നേരിട്ടോ, ഏജന്റ്/അവകാശികൾ മുഖേനയോ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ലിക്വിഡേറ്റർ,
പുഴക്കാട്ടിരി പഞ്ചായത്ത് പ്രവാസി ഹരിത സഹകരണ സംഘം
ക്ലിപ്തം നമ്പർ എം. 918
യൂണിറ്റ് ഇൻസ്പെക്ടർ, മങ്കട യൂണിറ്റ്, മിനി സിവിൽ സ്റ്റേഷൻ,
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,
പെരിന്തൽമണ്ണ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

നമ്പർ ARGNBR/1565/2024-UI (2). 2025 ആഗസ്റ്റ് 1.

നിലമ്പൂർ എംപ്ലോയീസ് & പെൻഷനേഴ്സ് സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ എം.864-ന്റെ ലിക്വിഡേറ്ററായി നിലമ്പൂർ യൂണിറ്റ് ഇൻസ്പെക്ടറായ എന്നെ മലപ്പുറം ജില്ലാ ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 24-11-2024 തീയതിയിലെ JRMPM/2677/2023-HMC1 നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ലിക്വിഡേറ്റർ 28-5-2025 തീയതിക്ക് ചാർജ്ജ് ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സംഘത്തിൽ നിന്ന് എന്തെങ്കിലും തുക ലഭിക്കുവാനുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനുള്ളിൽ എന്നെ നേരിട്ടോ, ചുമതലപ്പെട്ട ഏജന്റ് മുഖാന്തിരമോ അറിയിക്കേണ്ടതാണെന്നും ടി സംഘത്തിലേക്ക് ഏതെങ്കിലും ഇനത്തിൽ അടക്കാനുള്ള തുക നേരിൽ തന്ന് രസീതി വാങ്ങേണ്ടതാണെന്നും ഇതിനാൽ പൊതുജനങ്ങളേയും സംഘാംഗങ്ങളേയും അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ലിക്വിഡേറ്റർ,
നിലമ്പൂർ എംപ്ലോയീസ് & പെൻഷനേഴ്സ് സഹകരണ
കൺസ്യൂമർ സ്റ്റോർ ക്ലിപ്തം നമ്പർ എം. 864,
നിലമ്പൂർ യൂണിറ്റ് ഇൻസ്പെക്ടർ,
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, നിലമ്പൂർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ : ശ്രീ. സുരേന്ദ്രൻ ചെമ്പ്ര, ജോയിന്റ് രജിസ്ട്രാർ (ജനറൽ)]

നമ്പർ JRMPM/462/2025-HMC2. 2025 ആഗസ്റ്റ് 21.

വിഷയം :—പുറത്തൂർ പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 502-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) സഹകരണ സംഘം രജിസ്ട്രാറുടെ 21-11-2022-ലെ RCS/7921/2022 AEL (1) നമ്പർ കത്ത്.

(2) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 13-2-2025-ലെ ARGTIR/985/2024 OI (4) നമ്പർ ഉത്തരവ്.

(3) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 14-5-2025-ലെ ARGTIR/985/2024 OI (4) നമ്പർ കത്തും 11-4-2025-ലെ വകുപ്പ് 66 പരിശോധന റിപ്പോർട്ടും.

(4) ഈ കാര്യാലയത്തിലെ 20-6-2025-ലെ ഇതേ നമ്പർ കത്ത്.

ദീർഘകാലമായി പ്രവർത്തന രഹിതമായതും പുനരുജ്ജീവനത്തിന് സാധ്യതയില്ലാത്തതുമായ സംഘങ്ങളെ സമാപ്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ സൂചന (1) നിർദ്ദേശത്തിന്റെയും ഈ ഓഫീസിലെ 3-12-2022-ലെ JRMPM/250/2022-AEL നമ്പർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ പുറത്തൂർ പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 502-ന്റെ പ്രവർത്തനം സംബന്ധിച്ച് സൂചന (2) പ്രകാരം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന നടത്തുന്നതിന് ഉത്തരവാകുകയും പരിശോധന പൂർത്തിയാക്കി സൂചന (3) പ്രകാരം പരിശോധന ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

4-8-1995-ൽ രജിസ്റ്റർ ചെയ്യപ്പെടുകയും 13-10-1995-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത പുറത്തൂർ പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 502 വർഷങ്ങളായി പ്രവർത്തനരഹിതമാണ്. സംഘത്തിന് ഉദ്ദേശലക്ഷ്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ നിലവിൽ നടത്താൻ കഴിയുന്നില്ല. സംഘം ഭരണസമിതിയുടെ കാലാവധി 17-1-2019-ന് അവസാനിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് താല്പര്യമില്ലാത്തതിനാൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് സാധിച്ചിട്ടില്ല. സംഘത്തിന്റെ ഭരണ സ്തംഭനം ഒഴിവാക്കുന്നതിന് തിരൂർ യൂണിറ്റ് ഇൻസ്പെക്ടറെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററായി നിയമിക്കുകയും, പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ 29-12-2020-ൽ ചാർജ്ജ് എടുക്കുകയും ചെയ്തിരുന്നു. പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ കാലയളവിലും തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതിക്ക് ചാർജ് കൈമാറുവാൻ സാധിക്കാത്തതിനാൽ പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും കാലാവധി 28-12-2024 വരെ സർക്കാർ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. അഡ്മിനിസ്ട്രേറ്ററുടെ കാലാവധി 29-12-2024 മുതൽ 28-12-2025 വരെ ദീർഘിപ്പിക്കുന്നതിന് സർക്കാരിലേക്ക് ഉചിതമാർഗ്ഗേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

വകുപ്പ് 66 പരിശോധനയുടെ ഭാഗമായി മൊഴി രേഖപ്പെടുത്തുന്നതിന് മുൻ ഭരണസമിതിയിലെ 9 അംഗങ്ങൾക്ക് നോട്ടീസ് നൽകിയെങ്കിലും ശ്രീമതി കാർത്യായനി, ടി. എൻ., ശ്രീമതി ശാന്തകുമാരി, ടി. എൻ. എന്നീ 2 പേർ മാത്രമാണ് പരിശോധന ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരായി മൊഴി നൽകിയത്. സംഘത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അംഗങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിച്ച് സംഘം പ്രവർത്തനക്ഷമമാക്കുന്നതിനും അംഗങ്ങൾക്ക് നിലവിൽ താൽപര്യമില്ലാത്തതിനാൽ സംഘം സമാപ്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് 2 പേരും മൊഴി നൽകിയിട്ടുണ്ട്. സംഘത്തിന്റെ നിയമാവലി, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, നിക്ഷേപ രജിസ്റ്റർ, വായ്പ രജിസ്റ്റർ മുതലായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിൽ മുൻ ഭരണസമിതിക്കോ, അംഗങ്ങൾക്കോ യാതൊരു താൽപര്യവും ഇല്ല. യാതൊരു വിധത്തിലും പ്രവർത്തനക്ഷമമാക്കുവാൻ സാധ്യമല്ലാത്ത വിധം സംഘം പ്രവർത്തന രഹിതമായ സാഹചര്യത്തിൽ സഹകരണ നിയമം വകുപ്പ് 71 (2) (a) പ്രകാരം സംഘം സമാപ്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് വകുപ്പ് 66 പരിശോധന ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുണ്ട്.

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന സംഘത്തിന് പ്രവർത്തന സാധ്യത ഇല്ലാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് മലപ്പുറം (പാലക്കാട് റീജിയണൽ), തിരൂർ സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞു കൊണ്ട് സൂചന (4) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പുറത്തൂർ പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 502-ന്റെ പ്രവർത്തനം സമാപ്തീകരിച്ചു കൊണ്ടും, വകുപ്പ് 72 (1) പ്രകാരം തിരൂർ അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ തിരൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ), മലപ്പുറം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പാലക്കാട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : ശ്രീ. എം. ശ്രീഹരി)

നമ്പർ JRGPKD/1993/2025-AEL. 2025 ആഗസ്റ്റ് 27.

വിഷയം :—സമാപ്തീകരണം—ആലത്തൂർ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം—ക്ലിപ്തം നമ്പർ പി. 988-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :— (1) ഈ ആഫീസിലെ 22-11-2007-ലെ 1934/06/എ.ഇ.എൽ. നമ്പർ ഉത്തരവ്.

(2) സഹകരണ സംഘം രജിസ്ട്രാറുടെ 10-8-2018-ലെ A.E.L./5164/2018 നമ്പർ കത്ത്.

(3) ഈ ആഫീസിലെ 11-6-2019-ലെ 6291/2018/A.E.L. നമ്പർ ഉത്തരവ്.

(4) സഹകരണ സംഘം രജിസ്ട്രാറുടെ 30-5-2025-ലെ RCS/5122/2025-A.E.L. (1) നമ്പർ കത്ത്.

(5) 15-11-2024-ാം തീയതിയിലെ സംഘം പൊതുയോഗത്തിന്റെ ഒന്നാം നമ്പർ തീരുമാനം.

(6) ആലത്തൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 21-8-2025-ലെ ARGALR/348/2025-UI(2) നമ്പർ കത്ത്.

ആലത്തൂർ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ പി 988-ന്റെ ഉടമസ്ഥതയിലുള്ള ഏക ബസ്, വാഹന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ അധികൃതർ ലേലം ചെയ്തു വിറ്റിട്ടുള്ള സാഹചര്യത്തിൽ സംഘത്തിന്റെ പ്രവർത്തനം നിറുത്തൽ ചെയ്തുകൊണ്ട് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 7-12-2007-ന് ലിക്വിഡേറ്റർ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പിരിച്ചെടുക്കാൻ കഴിയുന്ന മുതലുകൾ പിരിച്ചെടുക്കുകയും കൊടുത്തു തീർക്കാവുന്ന ബാദ്ധ്യതകൾ കൊടുത്തുതീർക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിലേക്ക് ടി സംഘം ഒടുക്കാനുള്ള തുകയായ ₹ 3,00,000-ൽ നിന്നും ₹ 25,000 സംഘത്തിന്റെ ഫണ്ടിൽ നിന്നും ഒടുക്കുകയും ബാക്കി ₹ 2,75,000 കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് അടവാക്കുവാൻ സൂചന (2) പ്രകാരം അനുമതി ലഭ്യമാക്കി അടവാക്കുകയും ചെയ്തിട്ടുണ്ട്. പിരിച്ചെടുക്കാൻ കഴിയാത്ത മുതലുകൾ എഴുതി തള്ളുന്നതിനും കൊടുത്തു തീർക്കാൻ കഴിയാത്ത ബാദ്ധ്യതകൾ കുറവ് ചെയ്യുന്നതിനും സൂചന (3) പ്രകാരം ഈ ആഫീസിൽ നിന്നും അനുമതി നൽകിയിരുന്നു.

ടി സംഘത്തിന്റെ പേരിലുണ്ടായിരുന്ന KL9A 6638 നമ്പർ ബസ് ലേലം ചെയ്തു പൊളിച്ച് വിറ്റിട്ടുണ്ടെന്നും, ടി ലേലംകൊണ്ട ശ്രീ. അഷറഫ് അലി s/o അബുബക്കർ, ഈസ്റ്റ് കൊടുവായൂർ എന്നയാൾ ഉടമസ്ഥാവകാശം ടിയാന്റെ പേരിലേക്ക് മാറ്റാത്തതുകൊണ്ട് നിലവിലും മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ ലേലം ചെയ്ത വാഹനം സംഘത്തിന്റെ പേരിൽ ഉടമസ്ഥാവകാശം മാറാതെ കിടക്കുന്നുണ്ട് എന്നും, ബസ് പൊളിച്ച് മാറ്റി കഴിഞ്ഞതാണെന്നും, പൊളിച്ചുമാറ്റപ്പെട്ട ബസിന്റെ ഉടസ്ഥാവകാശം ടി സംഘത്തിന്റെ പേരിൽ നിലനിൽക്കുന്നതിനാൽ ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കുവാൻ കഴിയുന്നില്ല എന്നും, വാഹനത്തിന്റെ ഉടമസ്ഥാവകാശം ശ്രീ. അഷറഫിന്റെ പേരിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആലത്തൂർ സബ്.റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്കും പാലക്കാട് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്കും കത്ത് നൽകിയെങ്കിലും യാതൊരു നടപടിയും ടി ഓഫീസുകൾ കൈക്കൊണ്ടിട്ടില്ല എന്നും, എ.ഇ.എൽ. ഓഡിറ്റ് ഉൾപ്പെടെ പൂർത്തീകരിച്ച സാഹചര്യത്തിൽ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുവാൻ മാർഗനിർദ്ദേശത്തിനായി സഹകരണ സംഘം രജിസ്ട്രാർക്ക് ഈ ഓഫീസ് മുഖാന്തിരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ആയതിന് സഹകരണ സംഘം രജിസ്ട്രാറുടെ സൂചന (4) പ്രകാരം സംഘത്തിന്റെ പേരിലുള്ള വാഹനം റവന്യൂ റിക്കവറി നടപടികളിലൂടെ ലേലം ചെയ്ത് മറ്റൊരാളുടെ പേരിലേക്ക് മാറ്റിയിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച ബാധ്യത റവന്യൂ വകുപ്പിന് മാത്രമാണുള്ളത് എന്നും, ആയതിനാൽ ലിക്വിഡേറ്റർക്ക് ലിക്വിഡേഷൻ നടപടികളുമായി മുന്നോട്ട് പോകുന്നതിന് യാതൊരുവിധ തടസങ്ങളും നിലവിൽ ഇല്ല എന്നറിയിച്ചിരുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

24-7-2019 തീയതിയിൽ സംഘത്തിൽ ലിക്വിഡേഷൻ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ടി ഓഡിറ്റിൽ 5 ന്യൂനതകൾ പരാമർശിക്കുകയും ആയതിൽ 4 ന്യൂനതകൾ പരിഹരിക്കുകയും, വാഹന സംബന്ധമായ ന്യൂനത ലിക്വിഡേഷൻ നടപടികൾക്ക് തടസമില്ല എന്ന് സഹകരണ സംഘം രജിസ്ട്രാറിൽ നിന്നും മാർഗനിർദ്ദേശം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73(3) വകുപ്പ് പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമത്തിലെ 74-ാം വകുപ്പിന് അനുസൃതമായി റദ്ദ് ചെയ്യണമെന്നുള്ള സൂചന (5) പ്രകാരമുള്ള ലിക്വിഡേറ്ററുടെ അപേക്ഷ സൂചന (6) പ്രകാരം ആലത്തൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിരിക്കുന്നു.

സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ താഴെ പരാമർശിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ആലത്തൂർ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ പി 988-ന്റെ സമാപ്തീകരണം പൂർത്തീകരിച്ചുകൊണ്ടുള്ള ലിക്വിഡേറ്ററുടെ നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ട് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ 74-ാം വകുപ്പ് പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് ആകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും, പിന്നീട് ഈ ആഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, പാലക്കാട്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോട്ടയം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(സാന്നിധ്യം : പി. പി. സലിം)

നമ്പർ JRGKTM/1513/2024-AEL. 2025 ആഗസ്റ്റ് 23.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—കെ. 1105—മൾട്ടി പർപ്പസ് അഗ്രികൾച്ചറൽ പ്രോഡക്റ്റ് മാർക്കറ്റിംഗ് പ്രോസസ്സിംഗ് സഹകരണ സംഘം ക്ലിപ്തം—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :—(1) ഈ ആഫീസിലെ 3-11-2024-ലെ എ.ഇ.എൽ 1513/2024 നമ്പർ ഉത്തരവ്.

(2) ഈ ആഫീസിലെ 21-8-2025-ലെ JRGKTM/1513/2024-AEL നമ്പർ ഉത്തരവ്.

(3) 19-8-2025-ലെ 4-ാം നമ്പർ പൊതുയോഗ തീരുമാനം.

(4) ലിക്വിഡേറ്ററുടെ 22-8-2025-ലെ 1-ാം നമ്പർ തീരുമാനം.

(5) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാറുടെ 22-8-2025-ലെ ARGKTM/921/2024 UI (1) നമ്പർ കത്ത്.

കോട്ടയം ജില്ലയിലെ മീനടം പഞ്ചായത്ത് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച കെ 1105 മൾട്ടി പർപ്പസ് അഗ്രികൾച്ചറൽ പ്രോഡക്റ്റ് മാർക്കറ്റിംഗ് പ്രോസസ്സിംഗ് സഹകരണ സംഘം ക്ളിപ്തത്തിന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത ബാധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും, കണ്ടുകെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആയത് ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും, കണ്ടുകെട്ടിയും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

സംഘത്തിന്റെ എ.ഇ.എൽ. ആഡിറ്റ് യഥാവിധി എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ ബാധ്യതകൾ ഒന്നും തന്നെ കൊടുത്ത് തീർക്കാൻ ഇല്ല. അന്തിമ പൊതുയോഗം ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 73(3)-ന് വിധേയമായ റിപ്പോർട്ട് സഹിതം ലിക്വിഡേറ്റർ പരാമർശം (4) അപേക്ഷ സമർപ്പിക്കുകയും, കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

കെ 1105 മൾട്ടി പർപ്പസ് അഗ്രികൾച്ചറൽ പ്രോഡക്ട് മാർക്കറ്റിംഗ് പ്രോസസ്സിംഗ് സഹകരണ സംഘം ക്ലിപ്തത്തിന്റെ സമാപ്തീകരണ നടപടികൾ ലികവിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലികവിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക് ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ ആഫീസ്, കോട്ടയം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[കേരള സഹകരണ നിയമം, ചട്ടം 69 (2) പ്രകാരം]

നമ്പർ ARGKGR/929/2025-UI (3). 2025 ആഗസ്റ്റ് 25.

എഫ് 494 ചെന്ത്രാപ്പിന്നി മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തത്തിന്റെ സമാപ്തീകരണ നടപടികൾക്കായി ബഹു. ഡെപ്യൂട്ടി രജിസ്ട്രാറുടെ 16-4-1976-ലെ ഒ/3308/74-ാം നമ്പർ ഉത്തരവ് പ്രകാരം സമാപ്തീകരണ ഉദ്യോഗസ്ഥനായി മതിലകം യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം സമാപ്തീകരണ ഉദ്യോഗസ്ഥനായി മതിലകം യൂണിറ്റ് ഇൻസ്പെക്ടർ 6-8-1976-ൽ ചാർജ്ജ് എടുത്തിട്ടുണ്ട്. സംഘത്തിന്റെ ആസ്തികൾ ഈടാക്കുന്നതിനും ബാധ്യതകൾ കൊടുത്തു തീർക്കുന്നതിനും നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഈ സംഘത്തിൽ നിന്നും കിട്ടാനുള്ളതായി ഏതെങ്കിലും അവകാശവാദങ്ങൾ ഉണ്ടെങ്കിൽ ആയത് ചുവടെ ഒപ്പ് വച്ചിട്ടുള്ള ഉദ്യോഗസ്ഥൻ മുമ്പാകെ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 2 മാസത്തിനകം സമർപ്പിക്കേണ്ടതും, സംഘത്തിലേക്ക് ഏതെങ്കിലും തുക ഒടുക്കാനുണ്ടെങ്കിൽ ആയത് നേരിൽ അടച്ച് രസീത് വാല്യൂ ആക്കേണ്ടതാണെന്ന് ഇതിനാൽ എല്ലാവരേയും അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
മതിലകം യൂണിറ്റ് ഇൻസ്പെക്ടർ/ലിക്വിഡേറ്റർ,
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,
കൊടുങ്ങല്ലൂർ.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

നമ്പർ ഒ/229/2024. 2025 ആഗസ്റ്റ് 21.

വിഷയം:—സമാപ്തീകരണം—ഇച്ചിലംങ്കോട് മണൽ വാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 493—കേരള സഹകരണ നിയമം വകുപ്പ് (74) പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 12-7-2024-ലെ ഒ/229/2024 നമ്പർ ഉത്തരവ്.

(2) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 9-6-2025-ലെ ഒ/229/2024 നമ്പർ ഉത്തരവ്.

(3) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 24-6-2025-ലെ ഒ/229/2024 നമ്പർ ഉത്തരവ്.

(4) സംഘം ലിക്വിഡേറ്ററുടെ 23-7-2025-ലെ 1, 2-ാം നമ്പർ തീരുമാനം.

(5) സംഘം ലിക്വിഡേറ്ററുടെ 23-7-2025-ലെ 275/2024/എം നമ്പർ ഉത്തരവ്.

(6) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മഞ്ചേശ്വരത്തിന്റെ 28-7-2025-ലെ 275/2024/എം നമ്പർ കത്ത്.

ഇച്ചിലംങ്കോട് മണൽ വാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 493-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് സംഘത്തിന്റെ ലിക്വിഡേറ്ററായ മഞ്ചേശ്വരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ മഞ്ചേശ്വരം യൂണിറ്റ് ഇൻസ്പെക്ടറെ സൂചന (1) ഉത്തരവ് പ്രകാരം നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. 31-7-2024-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്തു.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത വേളയിൽ സംഘത്തിന്റെ 2022-23 വർഷംവരെയുള്ള ആഡിറ്റ് മാത്രമാണ് പൂർത്തീകരിച്ചിരുന്നത്. ടി ആഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ള താൽക്കാലിക കടധന പട്ടിക താഴെ പറയും പ്രകാരമാണ്.

ബാദ്ധ്യത	തുക ₹	ആസ്തി	തുക ₹
ഓഹരി മൂലധനം	58,000	ബാങ്ക് നീക്കിയിരിപ്പ്	36,628
കിട്ടാനുള്ള തുകയ്ക്ക് കരുതൽ	659	എസ്. എ പ്രസിഡന്റ്	26
തൻ ചെലവ് - സിൽബന്ധി ചെലവിനുള്ള കരുതൽ	4,400	എസ്. എ മൊയ്ദീൻ കുഞ്ഞി	659
എസ്. എൽ പ്രസിഡന്റ്	17,959	അറ്റ നഷ്ടം	46,080
ഇലക്ഷൻ ഡെപ്പോസിറ്റ്	2,375		
ആകെ	83,393	ആകെ	83,393

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന്റെ 2022-23 വർഷം വരെയുള്ള ആഡിറ്റ് മാത്രമേ ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിൽ പൂർത്തീകരിച്ചിരുന്നുള്ളു. അതനുസരിച്ചാണ് കടധന പട്ടിക തയ്യാറാക്കിയിരുന്നത്. സമാപ്തീകരണത്തിലിരിക്കുന്ന സംഘങ്ങളുടെ ആഡിറ്റ് ലിക്വിഡേറ്റർ ചാർജ്ജെടുക്കുന്ന തീയതിവരെ സഹകരണ ആഡിറ്റ് വിഭാഗം നടത്തണമെന്ന സഹകരണസംഘം രജിസ്ട്രാരുടെ 05/2019 നമ്പർ സർക്കുലർ നിർദ്ദേശപ്രകാരം ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയായ 31-7-2024 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു. ഏറ്റവും അവസാനം ലഭിച്ച ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സംഘം ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയായ 31-7-2024-ലെ കടധന പട്ടിക താഴെപ്പറയും പ്രകാരമാണ്.

ബാദ്ധ്യത	തുക	ആസ്തി	തുക
	₹		₹
ഓഹരി മൂലധനം	58,000	ബാങ്ക് നീക്കിയിരിപ്പ്	38,103
കിട്ടാനുള്ള തുകയ്ക്ക് കരുതൽ	659	എസ്. എ പ്രസിഡന്റ്	26
എസ്. എൽ പ്രസിഡന്റ്	17,959	എസ്. എ മൊയ്ദീൻ കുഞ്ഞി	659
ഇലക്ഷൻ ഡെപ്പോസിറ്റ്	2,375	അറ്റ നഷ്ടം	40,205
ആകെ	78,993	ആകെ	78,993

ലിക്വിഡേറ്റർ ചാർജ്ജെടുത്തതിന് ശേഷം നിയമാനുസരണം ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്രസ്തുത ക്ലെയിം നോട്ടീസ് പ്രകാരം ക്ലെയിമുകളൊന്നും ലഭ്യമായിട്ടില്ല.

സംഘത്തിന് ആസ്തി ഇനത്തിൽ ലഭിക്കാനുണ്ടായിരുന്നവയിൽ ബാങ്ക് നിക്ഷേപം ₹ 38,878 ഈടാക്കി ലിക്വിഡേറ്ററുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് കുമ്പളശാഖയിൽ എസ്. ബി അക്കൗണ്ട് ആരംഭിച്ച് അതിലേക്ക് മാറ്റിയിട്ടുണ്ട്. ലിക്വിഡേഷൻ ഫീയായി ക്യാഷ് കളക്ഷന്റെ 15% ആയ ₹ 5,829 സഹകരണ സംഘം രജിസ്ട്രാറുടെ 12/2014 നമ്പർ സർക്കുലർ പ്രകാരം സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട്. സംഘത്തിൽ അടച്ചു തീർക്കാനുണ്ടായിരുന്ന ആഡിറ്റ് ഫീസ് ₹ 5,829 ഒടുക്കി സർക്കാർ ബാദ്ധ്യത തീർപ്പാക്കിയിട്ടുണ്ട്. നിലവിൽ സർക്കാർ ബാദ്ധ്യതകൾ ഒന്നും തന്നെ സംഘത്തിനില്ല. സംഘത്തിന്റെ അവസാന പൊതുയോഗം വിളിച്ചു ചേർക്കുന്നതിനായി ₹ 725 ചിലവഴിച്ചിട്ടുണ്ട്.

സാധ്യമായ നടപടികൾ സ്വീകരിച്ചിട്ടും മറ്റ് ആസ്തികൾ ഈടാക്കുവാൻ സാധിക്കാത്തതിനാലും മറ്റു ബാദ്ധ്യതകൾ കൊടുത്തു തീർക്കാൻ സാധ്യമല്ലെന്ന് കണ്ടെത്തിയതിനാലും താഴെ പറയുന്ന ബാദ്ധ്യതകൾ കണ്ട് കെട്ടുന്നതിനും മറ്റ് ആസ്തികൾ ഈടാക്കാനാവില്ലെന്നതിനാൽ താഴെ പറയുന്ന ആസ്തികൾ എഴുതി തള്ളുന്നതിനും സൂചന (2) പ്രകാരം ഉത്തരവാക്കിയിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബാധ്യത	തുക	ആസ്തി	തുക
	₹		₹
ഓഹരി മൂലധനം	58,000	എസ്. എ പ്രസിഡന്റ്	26
കിട്ടാനുള്ള തുകയ്ക്ക് കരുതൽ	659	എസ്.എ മൊയ്ദീൻ കുഞ്ഞി	659
എസ്. എൽ പ്രസിഡന്റ്	17,959	അറ്റ നഷ്ടം	40,205
ഇലക്ഷൻ ഡെപ്പോസിറ്റ്	2,375		
ആകെ	78,993	ആകെ	40,890

സംഘത്തിന്റെ അവസാന പൊതുയോഗം 22-7-2025-ന് രാവിലെ 11 മണിക്ക് കുമ്പളയിലുള്ള മഞ്ചേശ്വരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ ചേരുന്നതിന് തീരുമാനിക്കുകയും സംഘത്തിന്റെ അഡ്മിഷൻ രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ അന്തിമ പൊതുയോഗ നോട്ടീസ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ് കാസറഗോഡ്, അസിസ്റ്റന്റ് ഡയറക്ടർ(ഓഡിറ്റ്) ഓഫീസ്, കാസറഗോഡ്, സർക്കിൾ സഹകരണ യൂണിയൻ ഓഫീസ് കാസറഗോഡ്, സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ് മഞ്ചേശ്വരം, താലൂക്ക് ഓഫീസ് മഞ്ചേശ്വരം, വില്ലേജ് ഓഫീസ് ഉപ്പള ഗ്രൂപ്പ്, മംഗൽപ്പാടി ഗ്രാമ പഞ്ചായത്ത് ഓഫീസ്, കേരള സംസ്ഥാന സഹകരണ ബാങ്ക് കുമ്പള ശാഖ എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡിലും 'കാരവൽ' മലയാളം ദിനപ്പത്രത്തിലും പ്രസിദ്ധപ്പെടുത്തിയിരുന്നു. 22-7-2025-ന് പൊതുഅവധി പ്രഖ്യാപിച്ചതിനാൽ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തി അന്തിമ പൊതുയോഗം 23-7-2025-ന് ചേർന്നു. എന്നാൽ യോഗത്തിൽ ആരും തന്നെ പങ്കെടുത്തില്ല. ആയതിനാൽ മിച്ചമുള്ള തുകയായ ₹ 33,270.88 ''മെമ്പേർസ്, ഇച്ചിലംങ്കോട് മണൽ വാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 493 (ലിക്വിഡേറ്റഡ് സൊസൈറ്റി)'' എന്ന പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കുമ്പള ശാഖയിൽ അനാമത്ത് കണക്കിൽ നിക്ഷേപിച്ചു. ലിക്വിഡേറ്റർ കൈപ്പറ്റിയ ഫയൽ പ്രകാരവും തുടർന്ന് നടത്തിയ ഇടപാടുകൾ പ്രകാരവും ഉള്ള വരവ് ചെലവ് കണക്കുകളും കടധനപ്പട്ടികയും ചുവടെ ചേർക്കുന്നു.

സംഘം ലിക്വിഡേറ്ററുടെ വരവ്-ചെലവ് കണക്ക് താഴെപ്പറയും പ്രകാരമാണ്

(31-7-2024 മുതൽ 23-7-2025 വരെ)

തീയതി	വരവ്	തുക	തീയതി	ചെലവ്	തുക
		₹			₹
24-10-2024	സൊസൈറ്റി അക്കൗണ്ട് (സംസ്ഥാന സഹകരണ ബാങ്ക് എസ്.ബി അക്കൗണ്ട്)	38878	24-10-2024	എസ്. ബി കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റർ എസ്. ബി അക്കൗണ്ട്)	38878
28-12-2024	എസ്.എം.എസ് ചാർജ്ജ് (ലിക്വിഡേറ്റർ എസ്.ബി അക്കൗണ്ട്)	18	28-12-2024	ബാങ്ക് ചാർജ്ജ് കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റർ എസ്.ബി അക്കൗണ്ട്)	18

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

17-3-2025	എസ്.ബി.കെ.ഡി.സി.എച്ച്	5829	17-3-2025	ലിക്വിഡേഷൻ ഫീ (ട്രഷറിയിൽ ഒടുക്കിയത്)	5829
22-3-2025	പലിശ വരവ്	631	16-8-2023	കേരള സംസ്ഥാന സഹകരണബാങ്ക് (ലിക്വിഡേറ്റർ എസ്.ബി അക്കൗണ്ട്)	631
25-3-2025	എസ്.എം.എസ് ചാർജ്ജ് (ലിക്വിഡേറ്റർ എസ്.ബി അക്കൗണ്ട്)	.12	25-3-2025	ബാങ്ക് ചാർജ്ജ് കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റർ എസ്.ബി അക്കൗണ്ട്)	.12
8-7-2025	എസ്. ബി കേരള ബാങ്ക്	725	8-7-2025	ജനറൽ ബോഡി യോഗം പത്ര പരസ്യം	725
23-7-2025	എസ്. ബി കേരള ബാങ്ക്	118	16-8-2023	അക്കൗണ്ട് ക്ലോസ് ചാർജ്ജ്	118
23-7-2025	പലിശ വരവ്	452	16-8-2023	കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റഡ് എസ്.ബി അക്കൗണ്ട്)	452
23-7-2025	ലിക്വിഡേറ്റ് കേരള ബാങ്ക്, കുമ്പള ശാഖ	33270.88	23-7-2025	മെമ്പേഴ്സ്, ഷിറിയ വളയം പൂഴിത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 501 (ലിക്വിഡേറ്റഡ് സൊസൈറ്റി)	33270.88
	ആകെ	79922		ആകെ	79922

കടധന പട്ടിക 23-7-2025

ക്രമ നമ്പർ	ബാദ്ധ്യത	തുക ₹	ക്രമ നമ്പർ	ആസ്തി	തുക ₹
1	ഓഹരി മൂലധനം	Nil	1	ബാങ്ക് നീക്കിയിരിപ്പ്	Nil
2	കിട്ടാനുള്ള തുകയ്ക്ക് കരുതൽ	Nil	2	എസ്. എ പ്രസിഡന്റ്	Nil
3	എസ്. എൽ President	Nil	3	എസ്. എ മൊയ്ദീൻ കുഞ്ഞി	Nil
4	ഇലക്ഷൻ ഡെപ്പോസിറ്റ്	Nil	4	അറ്റ നഷ്ടം	Nil
	ആകെ	Nil		ആകെ	Nil

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലുണ്ടായിരുന്ന ആസ്തികളും ബാധ്യതകളും ഉൾപ്പെട്ട കടധനപ്പട്ടിക 'ഇല്ല (Nil)' ആയി മാറിയിട്ടുണ്ട്. സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ മേൽപ്രകാരം പൂർത്തീകരിക്കുകയും വരവ് ചെലവ് കണക്കുകൾ സൂചന (3) പ്രകാരം നിയമിതനായ എ. ഇ. എൽ. ഓഡിറ്ററായ സഹകരണ സംഘം മഞ്ചേശ്വരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഓഫീസ് ഇൻസ്പെക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ ലിക്വിഡേറ്റർ ചാർജ്ജെടുക്കുന്ന തീയതിയിലെ കടധനപ്പട്ടിക പ്രകാരമുള്ള ആസ്തികളും ബാധ്യതകളും ചട്ടപ്രകാരം ക്രമപ്പെടുത്തിയതിന് ശേഷം സംഘത്തിന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 73 അനുസരിച്ച് സമാപ്തീകരിച്ചുകൊണ്ട് സൂചന (5) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്ററുടെ നടപടിക്രമങ്ങളും ഉത്തരവും അംഗീകരിച്ചുകൊണ്ട് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ഉണ്ടാകണമെന്ന് സൂചന (6) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മഞ്ചേശ്വരം ശുപാർശ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഇച്ചിലംങ്കോട് മണൽ വാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 493-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേഷൻ സംബന്ധിച്ച് എല്ലാ റിക്കാർഡുകളും ലിക്വിഡേറ്റർ മൂന്ന് വർഷം സൂക്ഷിക്കേണ്ടതും ആയതിനുശേഷം ഈ ഓഫീസിന്റെ മുൻ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ), ഇൻ ചാർജ്ജ്,
കാസറഗോഡ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)-ടെ
ഓഫീസ്, കാസറഗോഡ്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.16 03:11:22 +05:30